**No. CEE/3600/ KEAM-2021/TA2**

**കേരള സർക്കാർ**

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം – 695 001

# വിജ്ഞാപനം

## സർക്കാർ/എയ്ഡഡ് എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി കോഴ്സുകളിലേയ്ക്ക് ഓൺലൈൻ മോപ് അപ് അലോട്ട്മെന്റ്–2021 പുതുതായി ഓപ്ഷനുകൾ സമർപ്പിക്കുന്നതിന് അവസരം

സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി കോളേജുകളിലെ 2021–22 അധ്യയന വർഷത്തെ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ ഫാർമസി കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകൾ നികത്തുന്നതിനായുള്ള മോപ്അപ് അലോട്ട്മെന്റിലേയ്ക്കായി വിദ്യാർത്ഥികൾക്ക് **2021 നവംബർ 20 മുതൽ നവംബർ 23 വൈകിട്ട് 4.00 മണി വരെ** പുതുതായി ഓപ്ഷനുകൾ സമർപ്പിക്കാവുന്നതാണ്. ഒഴിവുകൾ നികത്തുന്നതിനായി നടത്തപ്പെടുന്ന ഈ ഓൺലൈൻ മോപ് അപ് അലോട്ട്മെന്റിൽ സംസ്ഥാന പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ചിട്ടുള്ള എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതും പ്രോസ്പെക്ടസ് ക്ലോസ് 6 പ്രകാരമുള്ള യോഗ്യത നേടിയിട്ടുള്ളതുമായ വിദ്യാർത്ഥികൾക്ക് പങ്കെടുക്കാവുന്നതാണ്. മുൻ അലോട്ട്മെന്റ് പ്രകാരം സർക്കാർ/എയ്ഡഡ്/ സർക്കാർ നിയന്ത്രിത/സ്വാശ്രയ കോളേജുകളിൽ പ്രവേശനം നേടിയിട്ടുള്ളവർക്കും, അലോട്ട്മെന്റ് ലഭിച്ച് പ്രവേശനം നേടാൻ കഴിയാത്തതോ, പ്രവേശനം നേടിയതിനുശേഷം വിടുതൽ വാങ്ങിയവരോ ആയ വിദ്യാർത്ഥികൾക്കും ഇതുവരെ അലോട്ട്മെന്റൊന്നും ലഭിക്കാത്ത വിദ്യാർത്ഥികൾക്കും ഒഴിവുള്ള സീറ്റുകളിൽ പരിഗണിക്കപ്പെടാൻ പുതുതായി ഓപ്ഷനുകൾ സമർപ്പിക്കാവുന്നതാണ്. എന്നാൽ മുൻ അലോട്ട്മെന്റുകൾ പ്രകാരം സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി കോളേജുകളിൽ പ്രവേശനം നേടിയിട്ടുള്ള വിദ്യാർത്ഥികളുടെ ഈ മോപ് അപ് ഘട്ടത്തിലെ അലോട്ട്മെന്റ്/പ്രവേശനം ഇതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾക്ക് വിധേയമായിരിക്കും. **സർക്കാർ/എയ്ഡഡ് കോളേജുകളിൽ നിലവിൽ പ്രവേശനം ലഭിച്ചിട്ടുള്ള വിദ്യാർത്ഥികൾക്ക് ഈ മോപ്-അപ് അലോട്ട്മെന്റ് വഴി അലോട്ട്മെന്റ് മാറ്റം ലഭിക്കുന്നപക്ഷം നിലവിലെ അഡ്മിഷൻ റദ്ദാകുന്നതാണ്.** നിലവിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് ഈ മോപ്-അപ് അലോട്ട്മെന്റ് വഴി ഒഴിവുള്ള സീറ്റുകളിലേയ്ക്ക് അലോട്ട്മെന്റ് മാറ്റം ലഭിക്കുന്നപക്ഷം പുതുതായി ഒഴിവുവരുന്ന സീറ്റുകളും ഈ അലോട്ട്മെന്റിൽ തന്നെ നികത്തപ്പെടുന്നതിനാൽ വിദ്യാർത്ഥികൾ പ്രവേശനം നേടാൻ താത്പര്യമുള്ള എല്ലാ കോഴ്സ്/കോളേജിലേയ്ക്കും ഓപ്ഷനുകൾ സമർപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. വിദ്യാർത്ഥികൾ മുൻ ഘട്ടങ്ങളിൽ നൽകിയിരുന്ന ഓപ്ഷനുകൾ ഈ ഓൺലൈൻ മോപ് അപ് അലോട്ട്മെന്റിന് പരിഗണിക്കുന്നതല്ല. മോപ് അപ് അലോട്ട്മെന്റിൽ പങ്കെടുക്കുന്നതിനായി വിദ്യാർത്ഥികൾക്ക് പുതുതായി ഓപ്ഷനുകൾ നൽകാവുന്നതാണ്. നിശ്ചിത സമയത്തിനകം ഓൺലൈൻ ഓപ്ഷനുകൾ സമർപ്പിക്കാത്ത വിദ്യാർത്ഥികളെ ഈ അലോട്ട്മെന്റിൽ പരിഗണിക്കുന്നതല്ല.

| | |
|---|---|
| **20.11.2021** | ഓൺലൈൻ ഓപ്ഷൻ പുതുതായി രജിസ്റ്റർ ചെയ്യുന്നതിന് വെബ്സൈറ്റ് സജ്ജമാകുന്നു. |
| **23.11.2021** (വൈകിട്ട് 4.00 മണി) | ഓൺലൈൻ ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിനുമുള്ള സൗകര്യം അവസാനിക്കുന്നു. |
| **24.11.2021** | മോപ് അപ് അലോട്ട്മെന്റ് പ്രസിദ്ധീകരിക്കുന്നു. |
| **27.11.2021, 4.00 മണി വരെ** | കോളേജിൽ പ്രവേശനം നേടുവാനുള്ള അവസാന തീയതി |

**മോപ് അപ് അലോട്ട്മെന്റിലേയ്ക്ക് ഓൺലൈൻ ഓപ്ഷൻ നിർബന്ധമാണ്.** മോപ് അപ് അലോട്ട്മെന്റിൽ പങ്കെടുക്കാൻ താത്പര്യമുള്ള വിദ്യാർത്ഥികൾ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ **'KEAM 2021- Candidate Portal'**എന്ന ലിങ്ക് ക്ലിക്ക് ചെയ്ത് ആപ്ലിക്കേഷൻ നമ്പർ, പാസ്സ്‌വേഡ് എന്നിവ രേഖപ്പെടുത്തി ഹോം പേജിൽ പ്രവേശിച്ച ശേഷം ഹോം പേജിൽ ലഭ്യമായ **'Option Registration'** എന്ന മെനുവിൽ ക്ലിക്ക് ചെയ്ത് **20.11.2021** മുതൽ **23.11.2021 വൈകിട്ട് 4.00 മണി** വരെ ഓൺലൈനായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്

മോപ് അപ് ഘട്ടത്തിലൂടെ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കേണ്ടതായ ഫീസ് അലോട്ട്മെന്റ് മെമ്മോയിൽ സൂചിപ്പിക്കുന്നുവെങ്കിൽ ഓൺലൈനായോ കേരളത്തിലെ തിരഞ്ഞെടുക്കപ്പെട്ട ഹെഡ് പോസ്റ്റോഫീസ് മുഖേനയോ ഒടുക്കിയ ശേഷം പ്രോസ്പെക്ടസ് ക്ലോസ് 11.7.1 പ്രകാരമുള്ള അസ്സൽ രേഖകളുമായി **27.11.2021 വൈകുന്നേരം 4.00 ന്** മുമ്പായി ബന്ധപ്പെട്ട കോളേജിൽ ഹാജരായി അഡ്മിഷൻ നേടേണ്ടതാണ്. അഡ്മിഷൻ സമയത്ത്, ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ പ്രകാരം ബാക്കി ട്യൂഷൻഫീസ്, ഡെപ്പോസിറ്റ് (ബാധകമെങ്കിൽ), മറ്റ് ഫീസുകൾ ഒടുക്കേണ്ടതുണ്ടെങ്കിൽ അവ കോളേജിൽ ഒടുക്കേണ്ടതാണ്.

പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ അതത് കോളേജ് പ്രിൻസിപ്പൽമാർ അംഗീകരിച്ച് **27.11.2021 വൈകുന്നേരം 5** മണിയ്ക്കു മുൻപായി പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈൻ അഡ്മിഷൻ മാനേജ്മെന്റ് സിസ്റ്റം (OAMS) മുഖേന സമർപ്പിക്കേണ്ടതാണ്.

***കുറിപ്പ്:*** *വിദ്യാർത്ഥികൾ ഈ ഘട്ടത്തിൽ നൽകുന്ന ഓപ്ഷനുകൾ മാത്രമേ തുടർന്ന് സർക്കാർ/എയ്ഡഡ് കോളേജുകളിലേക്ക് ഓൺലൈൻ മോപ്അപ് അലോട്ട്മെന്റുകൾ ഉണ്ടെങ്കിൽ അതിൽ പരിഗണിക്കുകയുള്ളൂ. തുടർന്നുള്ള മോപ് അപ് അലോട്ട്മെൻറുകളിൽ (ഉണ്ടെങ്കിൽ) ഓപ്ഷൻ പുന:ക്രമീകരണം, റദ്ദാക്കൽ എന്നിവ അനുവദിക്കുകയില്ലാത്തിനാൽ വിദ്യാർത്ഥികൾ ഓപ്ഷനുകൾ നൽകുന്നതിൽ അതീവ ശ്രദ്ധ പുലർത്തേണ്ടതാണ്.*

പ്രവേശനവുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും സർക്കാർ ഉത്തരവുകളും പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

ഹെൽപ്പ് ലൈൻ നമ്പർ: **0471–2525300**

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
20.11.2021